(ബി) 1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖല മുഖേന ആസൂത്രണ ബോർഡുമായി ബന്ധപ്പെടുത്തുക.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ മോണിട്ടർ ചെയ്യുന്നതിന് സംവിധാനമുണ്ടാക്കുക.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ ആട്ടോമാറ്റ് ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ച മാനവശേഷി ലഭ്യമാക്കുക.

(സി) ഐ. കെ. എം.-ന്റെ കർത്തവ്യമാണ്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ആവശ്യമായ സോഫ്റ്റ്വെയറുകളുടെ പല പതിപ്പുകൾ ഐ. കെ. എം. വികസിപ്പിക്കുകയും അവയിൽ മുൻഗണനകളനുസരിച്ച് ചില പാക്കേജുകൾ പൈലറ്റ് അടിസ്ഥാനത്തിൽ 5 പഞ്ചായത്തുകളിലും 4 കോർപ്പറേഷനുകളിലും വിന്യസിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 147 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി ഡാറ്റാ എൻട്രി സോഫ്റ്റ്വെയറുകൾ വിന്യസിച്ചിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ-പങ്കാളിയെ ടെണ്ടറിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല കെ. എസ്. ഐ. ഡി. സി-യെ ഏൽപ്പിച്ചു കഴിഞ്ഞു. ഇതിനായുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ 19-7-2004-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഇ) 31-3-2004 വരെ 10.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കെട്ടിട നികുതി പുനർ നിർണ്ണയം

*16 [499] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നികുതി പുതുക്കി നിശ്ചയിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെട്ടിട നികുതി പുതുക്കി നിശ്ചയിക്കാത്തതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നികുതി പുതുക്കി നിശ്ചയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന് പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) പതിനൊന്ന് വർഷമായി.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) പരിഗണനയിലാണ്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

*17 [500] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്നുമുതൽ നടപ്പിലാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ & ബി) സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലും പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായിട്ടുള്ള മൂന്നംഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്തു വച്ചിരിക്കുകയാണ്.

റിപ്പോർട്ട് ഗവൺമെന്റ് പരിഗണിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly